# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3705 – 21/06/2018 ലെ മറുപടിക്ക്

## ധനസ്ഥിതി സംബന്ധിച്ച് സി.ആന്റ്.എ.ജി. യുടെ റിപ്പോർട്ട്

ചോദ്യം

ശ്രീ. സി. ദിവാകരൻ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീമതി. ഗീതാ ഗോപി
ശ്രീ. കെ. രാജൻ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് സി.ആന്റ്.എ.ജി. യുടെ റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ഉണ്ട്. 2016-17 ൽ ഉയർന്നു നിന്ന മൂന്ന് സുപ്രധാന സാമ്പത്തിക പരിമാത്രകൾ - റവന്യൂ ധന, പ്രാഥമിക കമ്മികളുടെ അടിസ്ഥാനത്തിൽ 2015-16 മായി താരതമ്യം ചെയ്യുമ്പോൾ 2016-17 ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശപ്പെട്ടു എന്ന് സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| ബി | എന്തൊക്കെ കാരണങ്ങളാലാണ് സർക്കാരിന്റെ സാമ്പത്തികസ്ഥിതി മുൻവർഷത്തേക്കാൾ മോശമായതെന്ന് സി.ആന്റ്.എ.ജി. യുടെ റിപ്പോർട്ടിൽ വിലയിരുത്തിയിരിക്കുന്നത്; | റവന്യൂ വരവിന്റെ വളർച്ചാ നിരക്കിലുണ്ടായ കുറവ്, പ്രത്യേകിച്ച് തനതു നികുതി വരവിലുണ്ടായ കുറവ് സാമ്പത്തിക സ്ഥിതി മോശമാകുന്നതിന് ഒരു കാരണമായി സി & എ.ജി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സംസ്ഥാന പദ്ധതികൾക്കുള്ള ധന സഹായത്തിലും കേന്ദ്ര പദ്ധതികൾക്കുള്ള ധന സഹായത്തിലും ഉണ്ടായ ഗണ്യമായ കുറവ് മറ്റൊരു കാരണമാണെന്ന് സി & എ.ജി പരാമർശിച്ചിട്ടുണ്ട്. കൂടാതെ റവന്യൂ ചെലവിലുണ്ടായ വർദ്ധനവ്, പ്രത്യേകിച്ച് ശമ്പളം, പെൻഷൻ, പലിശ നൽകൽ എന്നീ ഇനങ്ങളിലുണ്ടായ ചെലവ് സാമ്പത്തിക സ്ഥിതിയെ ബാധിച്ച വിഷയങ്ങളിലൊന്നായി സി & എ.ജി ചൂണ്ടിക്കാട്ടിയിരിക്കുന്നു. എങ്കിലും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മൊത്തം ചെലവിൽ റവന്യൂ ചെലവിന്റെ ശതമാനം കുറഞ്ഞു വരുന്ന പ്രവണത സർക്കാരിന്റെ മുൻഗണന മൂലധന ചെലവിലേയ്ക്ക് മാറ്റുന്നതിനെ സൂചിപ്പിക്കുന്നതായി സി & എ.ജി നിരീക്ഷിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി | സംസ്ഥാനത്തിന്റെ തനതുവരുമാനം കുറയുന്നത് ആശങ്കാജനകമായ തോതിലാണോ; വിശദമാക്കുമോ; | 2013-14 മുതൽ 2016-17 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും വളർച്ചാ നിരക്കും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(table below)<br><br>2017-18 ലെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല. |

| | തനത് നികുതി വരുമാനം | വളർച്ചാ നിരക്ക് |
|---|---|---|
| 2013-14 | 31995.02 | 6.38 |
| 2014-15 | 35232.50 | 10.12 |
| 2015-16 | 38995.15 | 10.68 |
| 2016-17 | 42176.38 | 8.16 |

| | | |
|---|---|---|
| ഡി | കേന്ദ്രപദ്ധതികളുടെ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത് സംസ്ഥാനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം അറുപത്തിയാറിൽ നിന്നും ഇരുപത്തിയെട്ട് എണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും ഇരുപത് എണ്ണം കോർ എന്ന വിഭാഗത്തിലും രണ്ടെണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയത്. പുതിയ സംവിധാനം അനുസരിച്ച് ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും മാറ്റുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്യുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാർ വകയിരുത്തുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അറുപത് ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ചത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയിട്ടുണ്ട്. |
| ഇ | ശമ്പളം - പെൻഷൻ ചെലവുകൾ സംസ്ഥാനത്തിന്റെ വരുമാനത്തേക്കാൾ അധികരിക്കുന്നത് ആശങ്ക ഉണ്ടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | 2016-17 സാമ്പത്തിക വർഷത്തെ ശമ്പളം, പെൻഷൻ ചെലവുകൾ എന്നിവ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 57.30 ശതമാനം മാത്രമാണ്. |

സെക്ഷൻ ഓഫീസർ